# ALPS



# MYLUMPURAM

# ALPS Mylumpuram

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# I. ആമുഖം

വിദ്യാഭ്യാസ അവകാശനിയമം അനുസരിച്ച് ലോവർപ്രൈമറിയിൽ 200 പ്രവൃത്തി ദിവസങ്ങൾ ഉണ്ടായിരിക്കണം. ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട സാധ്യായദിനങ്ങളും, മണിക്കൂറുകളും ഉറപ്പാക്കുന്നതിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച അറിവുകളും നൈപുണികളും കൈവരിക്കാനവശ്യമായ സമയം ലഭിക്കും. എന്നാൽ നേടിയ അറിവുകളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ സാമൂഹിക ജീവിതസന്ദർഭങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നതും പ്രശ്നപരിഹാരത്തിനുള്ള കഴിവു നേടുന്നതും കൂടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ഇതിന് സഹായകരമായ വിധത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സസൂക്ഷ്മം ആസൂത്രണം ചെയ്യണ്ടതുണ്ട്. ക്ലാസ്മുറിക്കകത്തു മാത്രമല്ല പഠനം നടക്കുന്നത്. പഠനബോധന പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടുന്ന അറിവും, കഴിവും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോഗിച്ച് നോക്കാനും സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാനും സ്കൂൾ പഠനത്തിൽ അവസരമൊരുക്കണം. വിഷയബന്ധിതമായ അറിവുകളെ സമഗ്രമായി പ്രയോജനപ്പെടുത്തണം. വിദ്യാലയങ്ങൾ കുട്ടികൾക്ക് ഈ പഠനബോധാനുഭവങ്ങൾ നൽകണം.

ഇംഗ്ലീഷ്, മലയാളം, ഗണിതം, പരിസരപഠനം എന്നിവയിലെ അറിവും കഴിവും പ്രയോജനപ്പെടുത്തി അവ സാമൂഹിക സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടികളെ സഹായിക്കുന്ന പാഠ്യപദ്ധതിയാണ് ഉള്ളത്. തുടർ മൂല്യനിർണ്ണയം നടത്തി സൂചകങ്ങളുടെ സഹായത്തോടെ പഠനപുരോഗതി രേഖയിൽ ഉൾപ്പെടുത്തണം.

1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് സിലബസ്സിൽ നൽകിയിട്ടുള്ള പാഠപുസ്തകം, ഉള്ളടക്കം, നൈപുണി, ആശയം ഇവ പഠനബോധന പ്രക്രിയയിലൂടെ വിനിമയം ചെയ്യപ്പെടണം, ഇതിലൂട വിദ്യാഭ്യാസ അവകാശനിയമത്തിലൂടെ നിഷ്കർഷി ച്ചിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പഠനത്തിലും, വികസനത്തിലും തുല്യ അവസരം ലഭിക്കണമെന്ന ധാരണയ്ക്ക് വ്യക്തതയേറുന്നു.

## II. വിദ്യാലയ ചരിത്രം

ഒറ്റപ്പാലം ഉപജില്ലയിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ 17 ാം വാർഡിലാണ് മയിലുംപുറം എൽ പി സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. 1950 കാലഘട്ടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും കുറെ ദൂരം യാത്ര ചെയ്യേണ്ടി വന്ന സമയത്ത് ശ്രീമതി പാറുക്കുട്ടിയമ്മയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഉണ്ണികൃഷ്ണൻ മാസ്റ്റർ, പങ്കജാക്ഷി ടീച്ചർ, കല്യാണിക്കു ടീച്ചർ എന്നിവരടങ്ങുന്ന സംഘം പുത്തൻ വീട്ടിൽ ജാനകിയമ്മയെ സമീപിച്ച് പ്രാഥമിക വിദ്യാലയത്തിനു വേണ്ട സ്ഥലം ആവശ്യപ്പെടുകയും ഇന്ന് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥിതി ചെയ്യുന്ന സ്ഥലം ദാനമായി നൽകുകയും ചെയ്തു. അങ്ങനെ 1951 ൽ 6 കുട്ടികളും ഒരധ്യാപകനുമായാണ് ഈ വിദ്യാലയം തുടങ്ങിയത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകത്തൊഴിലാളികളുടെ വീടുകളിൽ നിന്നു വരുന്ന കുട്ടികളാണ് ഭൂരിപക്ഷവും 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 71 കുട്ടികളും പ്രീപൈമറി വിഭാഗത്തൽ 43 കുട്ടികളും പഠിക്കുന്നു.

പൂർവ്വകാലം മുതൽ തന്നെ സബ്ജില്ലാമേളകളിലും ,പഞ്ചായത്ത് തലത്തിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയ പല വ്യക്തികളും സർക്കാർ ജോലികളിലും കലാ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

## III. വിദ്യാലയം മികവിന്റെ കേന്ദ്രം

വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും ശാക്തീകരണത്തിന് സഹായകമായ വിധത്തിൽ S.R.G യോഗങ്ങൾ ശക്തിപ്പെടുത്തൽ

ക്ലാസ്സ് മുറികളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി അവരുടെ സഹായത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കൽ.

ഗൃഹസമ്പർക്കം,നാട്ടുകാരുടെ കൂട്ടായ്മ, സന്നദ്ധ സംഘടനകളുടെ സേവനം, പൂർവ്വ വിദ്യാർത്ഥി സംഗമം, വിദ്യാലയത്തിലെ ആഘോഷ പരിപാടികളിൽ നാട്ടുകാരുടെ പങ്കാളിത്തം, ആഘോഷങ്ങൾക്ക് വീടുകളിലെത്തി നേരിട്ട് രക്ഷിതാക്കളെ ക്ഷണിക്കൽ.

ക്ലാസ്സ് ലൈബ്രറി സജീവമാക്കി വായന പരിപോഷിപ്പിക്കൽ. വിദ്യാലയത്തിന് ലഭ്യമായ എല്ലാ സാമഗ്രികളും പഠനത്തിന് പ്രയോജനപ്പെടുത്തൽ.

ഓരോ ക്ലാസ്സിലും ഓരോ വിഷയത്തിനും അനുയോജ്യമായ വർക്ക്ഷീറ്റുകൾ ഫലപ്രദമായി വിനിയോഗിക്കൽ.

കുട്ടികളുടെ ഭാഷാശേഷി, ലേഖനം, സർഗ്ഗാത്മക രചന എന്നിവ പരിപോഷിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കുട്ടികൾക്കായി ഒരുക്കൽ.

ഐ.സി.റ്റി സാധ്യത ഉൾപ്പെടുത്തി പരമാവധി പാഠഭാഗങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ.

ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേളകൾ രക്ഷിതാക്കളുടെ പങ്കാളിത്ത ത്തോടെ നടപ്പിലാക്കുക.

ഇതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ :-

- പൊതുസമൂഹത്തിൽ പൊതുവിദ്യാലയങ്ങൾക്ക് മതിപ്പുളവാക്കൽ.
- പഠനരീതി, മികവുകൾ, നൈപുണികൾ എന്നിവ സമൂഹവുമായി പങ്കുവെയ്ക്കാനുള്ള അവസരം.
- അൺ എയ്ഡഡ് സ്ക്കൂളുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികൾ പ്രവേശനം നേടുന്നു.
- ലൈബ്രറിയുടെ മികച്ച ഉപയോഗം
- ICT സാധ്യതകളുടെ മികച്ച ഉപയോഗം, എല്ലാ കുട്ടികളുടെയും പഠന പങ്കാളിത്തം.
- കുട്ടികളുടെ രചനാപരമായ വളർച്ച ഉറപ്പാക്കുന്നു.

# സ്കൂൾ ടാലന്റ് ലാബ്

സംഗീതം, ചിത്രരചന, ബുക്ക് ബൈൻഡിംഗ്, ചന്ദനത്തിരി നിർമ്മാണം, ചവിട്ടി നിർമ്മാണം, ചോക്ക് നിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ കുട്ടികളുടെ കഴിവ് കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. പി.ടി.എ, വെൽഫെയർ കമ്മിറ്റി ഇവയിൽ നിന്ന് ഈ കഴിവുകൾ ഉള്ളവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് അധിക പരിശീലനം നൽകാനുള്ള അവസരം നൽകുന്നു. ഈ ability group ൽ 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികളും ഉൾപ്പെടണം.

1 മുതൽ 4 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി ഉയർന്ന നിലവാരമുള്ള ധാരണകളും ശേഷികളും നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന കഴിവും അറിവും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്ന അന്താരാഷ്ട്ര ഗുണനിലവാരം എന്ന ആശയം ഫലപ്രാപ്തിയിലെത്തിക്കുക, എന്നീ ലക്ഷ്യങ്ങൾ നേടാൻ ഇതിലൂടെ സാധിക്കുന്നു.

ഇങ്ങനെ സ്ക്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുമ്പോൾ പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. പി.ടി.എ, കുട്ടികൾ, സന്നദ്ധസംഘടനകൾ ഇവയുടെ നേതൃത്വത്തിൽ ഇത് പ്രാവർത്തികമാക്കണം. ഇതിൽ ശ്രദ്ധിക്കേണ്ട പ്രധാന മേഖലകൾ

- ജീവിത ശൈലീരോഗ നിവാരണം
- ലഹരി വിരുദ്ധ സന്ദേശം
- ജലസംരക്ഷണം
- ജൈവപച്ചക്കറി കൃഷി
- ശുചിത്വ പ്രചരണം
- പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം.

# വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

| ക്രമ നമ്പർ | പ്രവർത്തന പേര് | ഉദ്ദേശ്യം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിററിംഗ് |
|---|---|---|---|---|---|---|---|
| 1 | അഡ്മിഷൻ വർദ്ധിപ്പിക്കൽ | സ്കൂൾ പരിസരത്തെ മുഴുവൻ കുട്ടികളേയും നമ്മുടെ വിദ്യാലയത്തിൽ ചേർക്കൽ | ജനുവരി മാസം എസ്.ആർ.ജി<br>ഫെബ്രുവരി - പി.ടി.എ<br>ഗ്രൂപ്പായി ഗൃഹസന്ദർശനം<br>രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ,<br>ലഘു ലേഖനങ്ങൾ വിതരണം ചെയ്യൽ | ജനുവരി മുതൽ മെയ് | പി.ടി.എ<br>അധ്യാപകർ<br>എസ്.എസ്.ജി | - | പി.ടി.എ |
| 2 | ഹാജർ വർദ്ധിപ്പിക്കൽ | അക്കാദമിക നിലവാരം ഉയർത്തൽ | ജൂൺമാസത്തിലെ ആദ്യ പി.ടി.എയിൽ തന്നെ രക്ഷിതാക്കളെ | ജൂൺ മുതൽ മാർച്ച് | അധ്യാപകർ | - | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ബോധവൽക്കരിക്കുക,<br><br>2 മാസത്തിലൊരിക്കൽ ഗൃഹസന്ദർശനം | | | | |
| 3 | പിന്നോക്കക്കാരെ കണ്ടെത്തൽ | അക്കാദമിക നിലവാരം ഉയർത്തൽ | പ്രത്യേകം തയ്യാറാക്കിയ പ്രവർത്തനങ്ങളിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ഗ്രൂപ്പുകളാക്കൽ. തയ്യാറാക്കിയ മോഡ്യൂളുകളിലൂടെ പഠനതാൽപര്യം ഉണ്ടാക്കൽ | വർഷം മുഴുവൻ | അധ്യാപകർ എം.ടി.എ | ണധ | എച്ച്. എം |
| 4 | മെച്ചപ്പെട്ട എസ്.ആർ.ജി | അക്കാദമികനിലവാരം ഉയർത്തൽ അധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കൽ | അധ്യാപകരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും അധ്യാപകർക്ക് വേണ്ട പിന്തുണ നൽകുന്നതിനുംവേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും | വർഷം മുഴുവൻ | അധ്യാപകർ | - | എച്ച്.എം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 3.30 മുതൽ 5 വരെ എസ്.ആർ.ജി ചേർന്ന് കഴിഞ്ഞയാഴ്ചയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട മാററങ്ങൾ വരുത്തു കയും അടുത്തയാഴ്ച നൽകേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു കയും അവതരിപ്പിക്കു കയും ചെയ്യൽ | | | | |
| 5 | മെച്ചപ്പെട്ട പി.ടി.എ ക്ലാസ്സ് പി.ടി.എ | രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കൽ കുട്ടികളെ പഠനത്തിൽ സഹായിക്കൽ | പി.ടി.എ യ്ക്കുമുമ്പായി എസ്.ആർ.ജി ചേർന്ന് ഒരു മാസക്കാലം കുട്ടികൾക്ക് നൽകുന്ന പഠന പ്രവർത്തനങ്ങൾ ഫീൽഡ് ട്രിപ്പ്, നിർമ്മാണ പ്രവർത്തനങ്ങൾ ഇവയെല്ലാം തയ്യാറാക്കി | വർഷം മുഴുവൻ | പി.ടി.എ അധ്യാപകർ | - | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പി.ടി.എ യോഗത്തിൽ അവതരിപ്പിച്ച് ഓരോ പാഠഭാഗത്തിലും എങ്ങനെയെല്ലാം കുട്ടികളെ സഹായിക്കാം എന്ന് ബോധ്യപ്പെടുത്തുന്നു. രക്ഷിതാക്കളുടെ സഹായത്തോടെ ഫീൽഡ് ട്രിപ്പ് നടത്താനുള്ള തീരുമാനം കൈക്കൊള്ളുന്നു. പതിപ്പുകൾ തയ്യാറാക്കാനും ചെറിയ ടീച്ചിംഗ് എയ്ഡ്സ്, പഠനകിറ്റുകൾ ഇവ ഉണ്ടാക്കാനും ഉള്ള പരിശീലനം നൽകുന്നു. | | | | |
| 6 | ഡിജിറ്റൽ ക്ലാസ്സ് റൂം | വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് | എം.എൽ.എ യിൽ നിന്ന് ലഭിച്ച എൽ.സി.ഡി പ്രോജക്ടർ. കമ്പ്യൂട്ടർ | 2025 ജൂൺ 1 | പി.ടി.എ അധ്യാപകർ | പി.ടി.എ | പി.ടി.എ അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പഠനം എളുപ്പത്തിലാക്കലും മെച്ചപ്പെടുത്തലും | എന്നിവ ഉപയോഗിച്ച് വിവിധ വിഷയങ്ങൾ പഠിപ്പിക്കൽ. പാഠഭാഗങ്ങൾക്കനുയോജ്യമായ സി.ഡി. കണ്ടെത്തി കുട്ടികൾക്ക് പഠനം എളുപ്പമാക്കുന്നു. അതിനായി ഒരു പ്രത്യേക റൂം സജ്ജമാക്കി ടൈൽ ഒട്ടിച്ച് പ്രവർത്തനം ആരംഭിക്കുന്നു | | | | |
| 7 | ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ഗണിത പഠനം എളുപ്പത്തിൽ ആക്കൽ | സാധന സംയുക്തമായി ഗണിത ക്ലാസ്സുകൾ നടത്തൽ, ചെറിയ കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, പ്രശ്നാപഗ്രഥന കണക്കുകൾ കൂടുതലായി നൽകൽ | വർഷം മുഴുവൻ | അധ്യാപകർ | - | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | അധിക വായന | വായനാശീലം വളർത്തുക | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്കുള്ള സാമഗ്രികൾ കണ്ടെത്തൽ. നോട്ടീസ്. കളിക്കുടുക്ക, പേപ്പർ കട്ടിങ്ങുകൾ, ചെറിയ സംഭാഷണങ്ങൾ, ചെറിയ ആസ്വാദനക്കുറിപ്പ്, വിവരണങ്ങൾ, ബാലമാസികകൾ, ലൈബ്രറി പുസ്തകങ്ങൾ ഇവ കുട്ടികൾക്ക് നൽകൽ | വർഷം മുഴുവൻ | അധ്യാപകർ | - | അധ്യാപകർ |
| 9 | ലഘു പരീക്ഷണങ്ങൾ | ശാസ്ത്ര അഭിരുചി വളർത്തൽ | പരിസര പഠനവുമായി ബന്ധപ്പെട്ട് പാഠഭാഗ ങ്ങളിൽ വരുന്ന ലഘു പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്ത് കുട്ടികളെ ഗ്രൂപ്പായി തിരിച്ച് | വർഷം മുഴുവൻ | അധ്യാപകർ | - | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ചെയ്യിക്കൽ എല്ലാകുട്ടികളുടേയും പങ്കാളിത്തത്തോടെ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. അപഗ്രഥിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ | | | | |
| 10 | മുന്നിലേക്ക് | പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ തെറ്റുകൂടാതെ വായിപ്പിക്കൽ, എഴുതിക്കൽ | ചിത്ര കാർഡുക്, അക്ഷരക്കാർഡുകൾ ഒരു കഥയുടെ ചിത്രങ്ങൾ ഇവയെല്ലാം ഉപയോഗിച്ച് കഥ പറയാനും ചെറിയ വാക്കുകൾ ഉണ്ടാക്കാനും അവ അവതരിപ്പിക്കാനും പരിശീലിപ്പിക്കൽ | വർഷം മുഴുവൻ | അധ്യാപകർ | - | അധ്യാപകർ |
| 11 | ദിനാചരണങ്ങൾ മെച്ചപ്പെടുത്തൽ | ദിനാചരണങ്ങൾ ക്ലാസ് റും പ്രവർത്തനങ്ങളായി മാറ്റൽ | വർഷം മുഴുവനായുള്ള ദിനാചരണങ്ങൾ മാത്രമായി കലണ്ടർ ഉണ്ടാക്കുക - അവ വരുന്ന പാഠഭാഗങ്ങൾ | വർഷം മുഴുവൻ | അധ്യാപകർ | - | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കണ്ടെത്തി ബന്ധിപ്പിക്കൽ മഹാൻമാരുടെ ജീവചരിത്രം ചിത്രങ്ങൾ, ആഘോഷങ്ങളുടെ രീതി, പതിപ്പുകൾ തയ്യാറാക്കൽ ഇവ തയ്യാറാക്കുന്നതിന് രക്ഷിതാക്കളെ പരിശീലിപ്പിക്കൽ | | | | |
| 12 | ചുറ്റുമതിൽ | സുരക്ഷിതമായ സ്കൂൾ അന്തരീക്ഷം | സ്കൂളിന്റെ മുൻവശത്തേതുപോലെ ബാക്കി 3 ഭാഗത്തും ചുറ്റുമതിൽ കെട്ടി സ്കൂൾ സുരക്ഷിതമാക്കി കുട്ടികൾക്ക് ഒരു സുരക്ഷിതത്വബോധം ഉണ്ടാക്കുക | 2 വർഷം | പി.ടി.എ മാനേജർ | പി.ടി.എ. മാനേജർ സംഘടനകൾ | പി.ടി.എ |
| 13. | പൂന്തോട്ടം പച്ചക്കറി | സ്കൂൾ അന്തരീക്ഷം | ചുറ്റുമതിൽ കെട്ടിക്കഴിഞ്ഞി | വർഷം മുഴുവൻ | പി.ടി.എ | - | പി.ടി.എ |

| | | | | | | | |
|---|---|---|---|---|---|---|---|
| | തോട്ടം | ആകർഷക മാക്കൽ | സ്കൂളിന്റെ മുന്നിൽ ഭംഗിയുള്ള ഒരു പൂന്തോട്ടം, ഉച്ച ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾക്കായി പച്ചക്കറിത്തോട്ടം ഇവ നിർമ്മിക്കൽ | | | | |
| 14. | കായിക പരിശീലനം | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കൽ | ആഴ്ചയിലൊരിക്കൽ കായിക അധ്യാപകരുടെ സേവനം ആവശ്യപ്പെട്ട് കുട്ടികൾക്ക് കായിക പരീശീലനം നൽകുന്നു. കളിയുപകരണങ്ങൾ ലഭ്യമാക്കുന്നു. സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ വീതം | അധ്യാപകർ | - | അധ്യാപകർ |
| 15. | ആകർഷകമായ വിദ്യാലയം | കുട്ടിയെ അറിഞ്ഞ് | നിലം ടൈൽസ് ഒട്ടിക്കൽ ഘട്ടം ഘട്ടമായി | 3 വർഷം | പി,.ടി.എ മാനേജർ | മാനേജർ പഞ്ചായത്ത് | പി.ടി.എ മാനേജർ |

വിഷയം: അറബിക്

ക്ലാസ് : 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ➢ അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടമാണ് ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | | പ്രധാന അധ്യാപിക |
| ➢ അക്ഷര രൂപ വ്യത്യാസം മനസിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• വീട്ടുവായന<br>• അക്ഷര കാർഡുകളാ ഉപയോഗിച്ച് വിവിധ തരം കളികൾ<br>• ഇ വായന | ജൂൺ മാർച്ച് | | | |
| ➢ തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ മാർച്ച് | | | |

വിഷയം: അറബിക്
ക്ലാസ് : 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ▷ അറബി ഭാഷ സംസാരിക്കുന്നത്തിന് ആത്മ വിശ്വാസം വളർത്തിയെടുക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | | പ്രധാന അധ്യാപിക |
| ▷ ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ മാർച്ച് | | | |
| ▷ സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക<br>ചെറു വാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക<br>ഇ വായന | ജൂൺ മാർച്ച് | | | |

വിഷയം: അറബിക്

ക്ലാസ് : 3

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | | പ്രധാന അധ്യാപിക |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ | • ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ മാർച്ച് | | | |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ മാർച്ച് | | | |
| ചെറു വിവരങ്ങൾ തയ്യാറാക്കാനുള്ള ശേഷി വളർത്തിയെടുക്കുക. | ചിത്രങ്ങൾ കൊടുത്ത് സ്വതന്ത്രമായി വാക്യങ്ങൾ എഴുതാൻ പരിശീലിപ്പിക്കുക<br>ചുമർ പത്രിക നിർമ്മാണം<br>ചാർട്ട് എഴുത്ത്<br>കയ്യെഴുത്ത് മത്സരം | ജൂൺ മാർച്ച് | | | |

വിഷയം: അറബിക്

ക്ലാസ് : 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| നിത്യ ജീവിതത്തിൽ അറബിയിൽ അറബിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• പ്രസംഗ മത്സരം<br>• അറബിക് അസ്സംബ്ലി | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | | പ്രധാന അധ്യാപിക |
| സ്വതന്ത്രമായ വായനക്ക് ശേഷി ശക്തിപ്പെടുത്തുക<br>കുട്ടികളിൽ വായന താല്പര്യം ജനിപ്പിക്കുകയും അതിലൂടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക യും ചെയ്യുക | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടു വായന ക്ലാസ് വായന<br>• വായന മത്സരങ്ങൾ<br>• ഇ വായന | ജൂൺ മാർച്ച് | | | |
| വാക്കുകളുടെ അർഥം മനസിലാക്കി അവ ഉപയോഗിച്ച് വിവരങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | കയ്യെഴുത്ത് മത്സരം<br>മാഗസിൻ നിർമ്മാണം<br>അടിക്കുറിപ്പ് മത്സരം<br>ചിത്ര കഥ നിർമ്മിക്കൽ<br>ചുമർ പത്രിക<br>കുട്ടിക്കവിത രചിക്കാൻ പരിശീലിപ്പിക്കുക | ജൂൺ മാർച്ച് | | | |